# ശ്ലീഹാകാലം
## വചന വിചിന്തനം
### ശ്ലീഹാകാലം : ആറാം ഞായർ
### ലൂക്കാ 12,57–13,17

*"പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും നശിക്കും" (ലൂക്കാ 13,5). മാനസാന്തരമെന്നത് മനസ്സിന്റെ മാറ്റണമാണ്! ഇതു തന്നെയാണ് അപ്പസ്തോലൻമാർ പ്രസംഗിച്ചതും; "എന്നാൽ, ഇപ്പോൾ എല്ലായിടത്തുമുള്ള സകല ജനങ്ങളും പശ്ചാത്തപിക്കണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു." (അപ്പ 17,30).*

**ആനുകൂല്യങ്ങൾ അനുഭവിക്കുന്നവർ ദൗത്യങ്ങൾ മറക്കരുത്! ക്രിസ്ത്യാനികൾ വിളക്കപ്പെട്ടിരിക്കുന്നത് ശിക്ഷയിലേക്കല്ല. മറിച്ച്, രക്ഷയിലേയ്ക്കാണ്!**

വചനഭാഗത്തിലൂടെ കർത്താവ് ആവർത്തിച്ച് പറയുന്ന കാര്യം; "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും." സ്നാപകയോഹന്നാൻ തന്റെ പരസ്യജീവിതം ആരംഭിച്ചപ്പോൾ തന്നെ കേൾക്കാൻ വന്ന ജനക്കൂട്ടത്തോട് പ്രവാചകശക്തിയാൻ ജ്വലിച്ച് പറയുന്നതും ഇത് തന്നെയാണ്; "അണലിസന്തതികളേ, ആസന്നമായ ക്രോധത്തിൽ നിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയത് ആരാണ്? മാന സാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ" (ലൂക്കാ 3,7–8). ക്രിസ്തു സ്നാപകയോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ച് തന്റെ പരസ്യജീവിതം ആരംഭിക്കുമ്പോൾ ജനങ്ങളെ ഓർമ്മപ്പെടുത്തുന്ന വസ്തുത ഇത് തന്നെയാണ്; "യേശു പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4,17). ചുരുക്കത്തിൽ, സുവിശേ ഷത്തിന്റെ സംക്ഷേപകം എന്നു പറയുന്നത് മാനസാന്തരത്തിലേയ്ക്കുള്ള ആഹ്വാനമാണ്.

ക്രിസ്തു വചനം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പേൾ ചിലർ വന്ന് അവന്റെ അടുത്ത് പറഞ്ഞു; "ഗലീലിയക്കാരായ ഏതാനും പേർ ബലിയർപ്പിച്ചപ്പോൾ പീലാത്തോസ് അവരെ കൊന്ന് അവരുടെ രക്തം അവരുടെ ബലിയിൽ കലർത്തി" എന്ന്.

ക്രിസ്തുവിനോട് ഈ വിവരം വന്ന് പറഞ്ഞവർക്ക് ഏതെങ്കിലും ഒരു ലക്ഷ്യമുണ്ടായിരിക്കുക എന്നത് ഉറപ്പായ വസ്തുതയാണ്. അതിൽ ഒന്നാമ ത്തേത്, ഗലീലിയക്കാരായ വ്യക്തികൾ ബലിയർപ്പിച്ചുക്കൊണ്ടിരുന്നപ്പോൾ രക്തസാക്ഷികളാകാൻ ഭാഗ്യം ലഭിച്ചവരോട് പക്ഷം ചേരുന്നതിനും, ഒപ്പം, യഹൂദൻമാരുടെ അറിയപ്പെടുന്ന ഗുരുവായ ക്രിസ്തുവിനോട് ഈ കാര്യം പങ്കുവയ്ക്കുന്നതിനുമുള്ള ഔത്സുക്യം. ഈ ചിന്തയും ബോദ്ധ്യവും നല്ലതാ ണ്. എന്നാൽ, രണ്ടാമതൊരു ചിന്തകൂടെയുണ്ട് ജനങ്ങൾ വന്ന് ഗലീലിയക്കാ രായ ഏതാനും പേർ ബലിയർപ്പിച്ചപ്പോൾ പീലാത്തോസ് അവരെ കൊന്ന് അവരുടെ രക്തം അവരുടെ ബലിയിൽ കലർത്തിയെന്ന് ക്രിസ്തുവിനെ അറിയിക്കുന്നതിന്. യഹൂദൻമാരെ റോമക്കാർ കീഴ്പ്പെടുത്തിയതിന് ശേഷം സീസറിനെ മാത്രമെ ആരാധിക്കാവു എന്നൊരു നിയമം റോമൻ അധികാ രികൾ പുറത്തിറക്കിയിരുന്നു. എന്നാൽ, ഇതനുസരിക്കാത്തവരെ കൊന്നു

എന്ന് ക്രിസ്തുവിനോട് പറയുമ്പോൾ അവൻ റോമൻ രാജ്യത്തിനും സീസറിനും എതിരെ സംസാരിക്കുമോ എന്നറിയുന്നതിനും വേണ്ടിയാണ് ക്രിസ്തുവിന്റെ അടുത്ത് ഏതാനും ചിലർ ഈ വാർത്ത് അറിയിക്കുന്നത്. ഇത് തിരിച്ചറിഞ്ഞിട്ടാകണം, ക്രിസ്തു പറയുന്ന മറുപടി ശ്രദ്ധിക്കുക;

"ഇവയെല്ലാം അനുഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളായിരുന്നു എന്നു നിങ്ങൾ കരുതുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13,2-3).

ആരാധനയ്ക്കും ബലിയർപ്പണത്തിനും വേണ്ടി ദേവാലയത്തിലെത്തിയവരെ പീലാത്തോസ് വധിച്ചു എന്നു കേൾക്കുമ്പോൾ ഇതിനെ മുന്നിൽ വച്ചുകൊണ്ട് ക്രിസ്തു തന്റെ ദൗത്യത്തെയും സന്ദേശത്തെയും കുറെക്കൂടി ശക്തമായി തന്റെ അനുവാചകരിലെത്തിക്കാൻ പരിശ്രമിക്കുകയാണ്. "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും നശിക്കും" എന്ന്. ഫലം തരാത്ത അത്തിവൃക്ഷത്തെ യജമാനൻ നശിപ്പിക്കാനും കെടാത്ത തിയ്യിലെക്കെറിയാനും കൽപ്പിക്കുമ്പോൾ കൃഷിക്കാരൻ ഒരു വർഷം കൂടി നീട്ടിചോദിക്കുന്നു.... ഒരു അവസരത്തിനുവേണ്ടി കൂടി കേഴുന്നു... കൃഷിക്കാരൻ അവനോടു പറഞ്ഞു:

"യജമാനനേ, ഈ വർഷം കൂടെ അതു നിൽക്കട്ടെ. ഞാൻ അതിൻെറ ചുവടുകിളച്ചു വളമിടാം. മേലിൽ അതു ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക" (ലൂക്കാ 13,8-9).

**കർത്താവ് അന്നും ഇന്നും എന്നും ഓർമ്മപ്പെടുത്തുന്നത് ഒന്നുമാത്രം; "പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും നശിക്കും!"**

മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ സമ്മാനിക്കുക. കാരണം ഇനിയൊരു അവസരം കൂടെ ലഭിക്കുമെന്ന് ഉറപ്പില്ല. അവനവൻ ചെയ്യുന്നതിന്റെ ഫലം അവനവൻ തന്നെ അനുഭവിച്ചേ മതിയാകു!

പ്രസവമുറിയുടെ വെളിയിൽ നിന്നും രാഘവൻ മനസ്സുരുകി പ്രർത്ഥിച്ചു; "ഈ കുഞ്ഞ് എങ്കിലും ആൺകുട്ടിയാവണേ... കഴിഞ്ഞ മുന്നു കുട്ടികളും പെൺകുട്ടികൾ ആയിരുന്നു."

"ആരാ മല്ലികയുടെ ഒപ്പം വന്നത്, മല്ലിക പ്രസവിച്ചു പെൺകുട്ടിയാ....."

നേഴ്സ് വന്നു പറഞ്ഞതു കേട്ട് രാഘവൻ പൊട്ടിക്കരഞ്ഞു. രാഘവൻ കുഞ്ഞിനെ കാണാൻ പോലും നിൽക്കാതെ നേരേ ഭാസ്കരൻ കണിയാന്റെ അടുത്തേക്ക് വെച്ചു പിടിച്ചു.

"ഭാസ്കരൻപണിക്കരെ, എന്റെ നാലു കുട്ടികളും പെൺകുട്ടികളായി പിറന്നു... ഒരു ആൺകുഞ്ഞിനെ കിട്ടാൻ ഞാൻ എന്തു ചെയ്യണം പണിക്കരെ? അത്രയ്ക്കും മോഹിച്ചു പോയി...."

ഭാസ്കരപണികർ കവടി നിരത്തി, മനസ്സിൽ പ്രാർത്ഥിച്ചു കൊണ്ട് പറഞ്ഞു;

"രാഘവാ, നീ വീട്ടിൽ പോവുക. വീട്ടിന്റെ ഉമ്മറത്ത് നിന്റെ അച്ഛൻ ചാരുകസേരയിലിയിരുന്നു പത്രം വായിക്കുന്നുണ്ടാകും. നീ അടുത്തു ചെന്ന് അച്ഛന്റെ കരണത്തു രണ്ടു പൊട്ടിക്കുക......"

രാഘവൻ വീട്ടിലോട്ടു നടന്നു. ഉമ്മറത്ത് ചാരുകസേരയിലിരുന്നു അച്ഛൻ പത്രം വായിക്കുന്നു. രാഘവൻ ഒന്നും ചിന്തിച്ചില്ല അച്ഛന്റെ കരണം നോക്കി രണ്ടു പൊട്ടിച്ചു. ഒരു വർഷം കഴിഞ്ഞു. മല്ലികയെ വീണ്ടും പ്രസവ വാർഡിൽ ആക്കി....

"ആരാ മല്ലികയുടെ ആളുകൾ? മല്ലികയ്ക്ക് ആൺകുഞ്ഞു

പിറന്നു...."

നേഴ്സിന്റെ വാക്കുകൾ കേട്ട് രാഘവൻ സന്തോഷത്തോടെ പോട്ടിച്ചിരിച്ചു. കുഞ്ഞിനെ കാണാൻ പോലും നിൽക്കാതെ ഭാസ്കര പണിക്കരുടെ അടുത്തേയ്ക്കോടി.

"പണിക്കരെ, നിങ്ങൾ പറഞ്ഞതു ഫലിച്ചു... എനിക്ക് ഒരാൺകുഞ്ഞ് പിറന്നു! ഇത്രയും വലിയവനായ നിങ്ങൾക്കു ഞാൻ എന്തു നൽകണം.....?"

ഇതിനു ഭാസ്ക്കരൻ പണിക്കർ മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു;

'രാഘവാ ഞാൻ ഒന്നും ചെയ്തിട്ടില്ല. നീ നിന്റെ അച്ഛന്റെ കരണത്ത് അടിച്ചു. അതു തിരിച്ചു കിട്ടാൻ നിനക്ക് ഒരു ആൺമകൻ പിറന്നു. അത്രേയുള്ളൂ... നീ കാത്തിരുന്നോളൂ.... ഈ മകന്റെ കൈയിൽ നിന്നും തല്ലു വാങ്ങിക്കുമ്പോൾ നീ എന്നെ ഓർമ്മിച്ചാൽ മതി!!!"

കഥയാണെങ്കിലും കഥസമ്മാനിക്കുന്ന ചിന്ത എത്രയോ മനോഹരമാണ്. അവനവൻ ചെയ്യുന്നതിന്റെ ഫലം അവനവൻ തന്നെ അനുഭവിച്ചേ മതിയാകു! മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ സമ്മാനിക്കുക. കാരണം ഇനിയൊരു അവസരം കൂടെ ലഭിക്കുമെന്ന് ഉറപ്പില്ല.

"ഇവയെല്ലാം
അനുഭവിച്ചതുകൊണ്ട്
അവർ മറ്റെല്ലാ
ഗലീലിയക്കാരെയുംകാൾ
കൂടുതൽ
പാപികളായിരുന്നുവെന്നു
നിങ്ങൾ രുതുന്നുവോ?
അല്ല എന്നു
ഞാൻ പറയുന്നു."
സഹനത്തിന്
കാരണം പാപമല്ല'

" നാം അവനെ നിഷേധിക്കുന്നെങ്കിൽ
അവൻ നമ്മെയും നിഷേധിക്കും.
നാം അവിശ്വസ്തരായിരുന്നാലും അവൻ വിശ്വസ്തനായിരിക്കും"

തിമോത്തേ 2,13

ഫാ. ജോബി മേനോത്ത്
+91 944 7777 931